കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# മക്കരപറമ്പ് ഗ്രാമ പഞ്ചായത്ത്

# 2016-2017

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

**e-mail:dompm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ .എം.പി.എം.13/1293/2017

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം ജില്ല
തീയതി:16-06-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് **(**സെക്രട്ടറി മുഖേന**)**

മക്കരപറമ്പ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം **:** മക്കരപറമ്പ് ഗ്രാമ പഞ്ചായത്ത്**- 2016-17** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് **-** സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മക്കരപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം / (പെർഫോമൻസ് ഓഡിറ്റ് )

3)കാര്യാലയ പകർപ്പ്

എം.എ.6/17

നം കെ.എസ്.എ.എം.പി.എം .13/1293/2017 തിയ്യതി:16-06-2017

മലപ്പുറം ജില്ലയിലെ, മക്കരപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മക്കരപറമ്പ് ഗ്രാമ പഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22-12-2016 മുതൽ 31-05-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01-06-2017 മുതൽ 09-06-2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| 01 | ശ്രീ. ഉണ്ണി പൂതംകുറ്റി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| 02 | ശ്രീ. അബ്ദുൾ നാസ്സർ. പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 03 | ശ്രീ.അലി അക്ബർ .കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 04 | ശ്രീമതി. ജിഷ. കെ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ഹബീബ കരുവള്ളി | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | സി.പി.രാജീവൻ | 01-04-2016 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. റോസി | 01-04-2016 മുതൽ 02-11-2016 FNവരെ |
| | ശ്രീമതി. കെ. പ്രേമലത | 02-11-2016AN മുതൽ 31-03-2017 വരെ |
| അസി. എഞ്ചിനീയർ | ശ്രീ. മുജീബ് റഹ്മാൻ. പി.എം. | 01-04-2016മുതൽ 31-03-2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി. റജീന.കെ. | 1-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. ഷംസാദ് മുണ്ടോടൻ | 1-04-2016 മുതൽ 15-07-2016 വരെ |
| | ഡോ. ബിന്ദ ശശിധരൻ | 16-07-2016 മുതൽ 31 -03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. സജിത്ത് | 01-04-2016 മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. മാജിദ ഹൈദർ അലി | 01-04-2016 മുതൽ 31-03-2017 വരെ |

| | | |
|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ശ്രീജിത്ത്,കെ. | 01-04-2016 മുതൽ 30-01-2017 വരെ &<br>10-02-2017 ANമുതൽ 08-03-2017FN വരെ |
| | ശ്രീമതി. അജിന.കെ. | 31-01-2017 മുതൽ 10-02-2017 വരെ &<br>08-03-2017AN മുതൽ 31-03-2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. മിനി. കെ.പി. | 01-04-2016 മുതൽ 31-07-2016 വരെ |
| | ശ്രീമതി. സരള.എം.സി. | 01-08-2016 മുതൽ 31-03-2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. മൊയ്തീൻ കുട്ടി.പി. | 01-04-2016 മുതൽ 31-03-2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. നസീമ.കെ. | 01-04-2016 മുതൽ 31-03-2017 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | കാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം 2 | | | |
| 12 | ഡി ആന്റ് ഒ ലൈസൻസ്- പൊതു അപാകതകൾ | 2-1 | |
| 13 | വസ്തു നികുതി കുറവായി ഈടാക്കി | 2-2 | |
| 14 | മൊബൈൽ ടവ്വറുകൾ വസ്തു നികുതി അടവാക്കുന്നില്ല | 2-3 | |
| 15 | കെട്ടിട നിർമ്മാണ അനുമതി- കാലതാമസം നേരിടുന്നു | 2-4 | |
| 16 | തൊഴിൽ നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നില്ല | 2-5 | |
| ഭാഗം 3 | | | |
| 17 | പൊതു മരാമത്ത് മേഖലയിലെ ആസൂത്രണം, നിർവ്വഹണം എന്നിവ കാര്യക്ഷമമല്ല | 3-1 | |
| 18 | പൈപ്പ് ലൈൻ മെയിൻറനൻസ് പ്രവൃത്തി- പൂർത്തീകരണ വിവരം ലഭ്യമല്ല. | 3-2 | |
| 19 | വട്ടപ്പറമ്പ് അങ്കണവാടി അഭിവൃദ്ധിപ്പെടുത്തൽ-ഫണ്ട് വിനിയോഗം ക്രമത്തിലല്ല. | 3-3 | |
| 20 | തെരുവ് വിളക്ക് റിപ്പയറിംഗ് - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് | 3-4 | |
| 21 | ദേശീയ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽസ് സപ്ലൈ- ഇൻകം ടാക്സ് ഈടാക്കിയില്ല. | 3-5 | |
| 22 | ആശ്രയ പദ്ധതി- പുനരധിവാസ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. | 3-6 | |
| 23 | മുൻകൂറായി തുക നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായില്ല | 3-7 | |

| | | | |
|---|---|---|---|
| 24 | നടപടിക്രമം പാലിക്കാതെ മരുന്നുകൾ വാങ്ങി | 3-8 | |
| 25 | മെഡിക്കൽ ഓഫീസർ - പ്രോജക്ട് നിർവ്വഹണത്തിലെ പൊതു അപാകതകൾ | 3-9 | |
| 26 | പരിരക്ഷ- അധിക തുക കൈപ്പറ്റിയത് ക്രമീകരിക്കേണ്ടതാണ്. | 3-10 | |
| 27 | റണ്ണിംഗ് കോൺട്രാക്ടുണ്ടായിരിക്കേ അധിക തുക നൽകി വാട്ടർ പ്യൂരിഫയർ വാങ്ങി | 3-11 | |
| 28 | മാലിന്യ സംസ്കരണം- ഗുണഭോക്തൃ ഇനത്തിൽ അധികം തുക ഈടാക്കി | 3-12 | |
| 29 | ഷീപാഡ് പദ്ധതി - പൂർത്തീകരിച്ചിട്ടില്ല | 3-13 | |
| 30 | എ.ബി.സി പദ്ധതി - തുടർ വിവരം ലഭ്യമല്ല. | 3-14 | |
| ഭാഗം 4 | | | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 27 | വായ്പ/ വായ്പ തിരിച്ചടവ | 4-4 | |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 29 | ഓഡിറ്റ് റിക്കവറി | 4-6 | |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2016-2017 വർഷത്തെ ബജറ്റ് പാസ്സാക്കിയ | 2016-2017 വർഷത്തെ ബജറ്റ്(പുതുക്കിയത്) പാസ്സാക്കിയ |
|---|---|

| തീരുമാനം നമ്പർ / തീയതി | തീരുമാനം നമ്പർ / തീയതി |
|---|---|
| 1 / 28-03-2016 | 1 / 25-03-2017 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-17 | 31-05-17 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 02-06-2017 | സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.വസ്തു നികുതി കരന്റ് കളക്ഷൻ, അരിയർ കളക്ഷൻ എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2. സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. വാർഷിക കണക്ക് പ്രകാരം, SBT C&150 എന്ന ബാങ്ക് അക്കൗണ്ടിൽ ക്ലോസിംഗ് ബാലൻസ് 96234/- രൂപയാണ്. എന്നാൽ, പാസ്സ് ബുക്ക് പ്രകാരം ക്ലോസിംഗ് ബാലൻസ് 99132/- രൂപയാണ്.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7. സ്റ്റോക്ക് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല.

8.2015-16സർട്ടിഫിക്കറ്റിൽ കാണിച്ചിരുന്ന അപാകതകൾ മുഴുവനും പരിഹരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വിവരണം | തുക |
|---|---|
| മുന്നിരിപ്പ് | 7633422.00 |
| വരവ് | 33216465.00 |
| ആകെ | 40849887.00 |

| | |
|---|---|
| ചെലവ് | 32899320.00 |
| നീക്കിയിരിപ്പ് | 7950567.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | നീക്കിയിരിപ്പ് (lapsed) | ചെലവ് ശതമാനം | നീക്കി ബാക്കി (RP40b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 6364829 | 6364829 | 5900325 | 464504 | 92.7 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2093295 | 2093295 | 1311995 | 781300 | 62.7 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11844366 | 11844366 | 6461505 | 5382861 | 54.6 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2554755 | 2554755 | 1545353 | 1009402 | 60.5 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3569426 | 3569426 | 941076 | 2628350 | 26.4 | 0 |
| ലോക ബാങ്ക് സഹായം | 0 | 2041324 | 2041324 | 429170 | 1612154 | 21 | 0 |
| ബി – ഫണ്ട് | 0 | 5614500 | 5614500 | 5614500 | 0 | 100 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 192 | 37562120 | 92 | 21755032 | 6 | 94 | 48 |

അംഗീകാരം ലഭിച്ച 192 പദ്ധതികളിൽ 94 എണ്ണം നടപ്പിലാക്കാത്തതു ആശാസ്യമല്ല. പദ്ധതികൾക്ക് ലഭിച്ച ഗ്രാന്റ് ചെലവഴിക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വ്യത്യാസം ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3015627 | 4468246 | 1452619 | +48.17 |
| നികുതിയേതര വരവുകൾ | 565858 | 498051 | 67807 | -11.98 |
| ആകെ | 3581485 | 4966297 | 1384812 | +38.67 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 68880 | 44 |
| കർഷകതൊഴിലാളി പെൻഷൻ | 2013060 | 228 |
| വിധവാപെൻഷൻ | 8001150 | 757 |
| വാർദ്ധക്യകാലപെൻഷൻ | 7051790 | 666 |
| വികലാംഗപെൻഷൻ | 2859560 | 277 |
| വിവാഹ ധനസഹായം | 420000 | 14 |

| | | |
|---|---|---|
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 104800 | 11 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01/06/2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2205/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം തൃപ്തികരമല്ല. അപാകതകൾ താഴെ പറയുന്നു.

1. എ.സി.ആർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. ഐ.സി.ഡി.എസ് , ഹെഡ് മാസ്റ്റർ, വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ പി എച്ച് സി എന്നിവർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല
3. മെഡിക്കൽ ഓഫീസർ പി എച്ച് സി, ഡയറി ഫാം ഇൻസ്ട്രക്ടർ എന്നിവർ TR 7A കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
5. സ്റ്റോക്ക് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-12-2016 - 15-12-2016 | 2016 നവമ്പർ | A4-18434/15/23-01-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28-05-2016 - 20-05-2006 | 1997-98 - 2005-2006 | LBAHQ/8A991 /227/21-06-2006 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഒ ലൈസൻസ്- പൊതു അപാകതകൾ

ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകളും, രജിസ്റ്ററും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(1) ഡി ആന്റ് ഒ അപേക്ഷകളിൽ ദിവസേനയുള്ള വിറ്റുവരവ് അടക്കമുള്ള മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല.

(2) അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് , സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ എന്നിവ ഇല്ല.

ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസ് നമ്പർ | അപേക്ഷകന്റെ പേര് |
|---|---|---|
| 1 | 103/16-17 | ശ്രീ നൂറുദ്ദീൻ , ചെല്ലപ്പറമ്പൻ |
| 2 | 105/16-17 | ശ്രീ മുജീബ് റഹ്മാൻ, പൊന്നിയത്ത് |
| 3 | 108/16-17 | ശ്രീ സുനീൻ, കുഴിയേങ്ങൽ |
| 4 | 120/16-17 | ശ്രീ അബ്ദുന്നാസർ ടി കെ |
| 5 | 151/16-17 | ശ്രീ സുനീൻ, കുഴിയേങ്ങൽ |

മേൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 2-2 വസ്തു നികുതി കുറവായി നിർണ്ണയിച്ചു

താഴെ പറയുന്ന കെട്ടിടത്തിന്റെ വസ്തു നികുതി കുറവായി അസസ്സ് ചെയ്ത് ഈടാക്കിയതായി കാണുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ തരം/ വിസ്തീർണ്ണം | ഈടാക്കേണ്ട വസ്തു നികുതി | ഈടാക്കിയ വസ്തു നികുതി | കുറവായി ഈടാക്കിയ വസ്തു നികുതി |
|---|---|---|---|---|---|
| III/375 B | കുന്നത്ത് ആബിദ | വാണിജ്യാവശ്യം 51.64m2 | 51.64*30= 1549<br>20%കുറവ്(തൃതീയ മേഖല) =309.84<br>20% വർദ്ധനവ് (വഴി സൗകര്യം) = 309.84<br>ആകെ = 1549<br>B T=1549<br>LC=75 | B T=1395<br>LC=70 | B T=154<br>LC=5 |

സഞ്ചയസോഫ്റ്റ് വെയറിൽ കെട്ടിടത്തിന്റെ വിവരങ്ങൾ ചേർത്തപ്പോൾ മേൽക്കൂരയുടെ തരം തെറ്റായി ചേർത്തതിനാലാണ് വസ്തു നികുതി കുറവായി നിർണ്ണയിക്കാനിടയാക്കിയതെന്നും ആയത് സഞ്ചയയിൽ തിരുത്തലുകൾ വരുത്തി 2016-17 വർഷം മുതൽ പ്രാബല്യത്തിൽ വരുത്തി കുടിശ്ശിക സംഖ്യ ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (23/08.06.2016) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുറവായി നിർണ്ണയിച്ച വസ്തു നികുതി പുനർ നിർണ്ണയം നടത്തി ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവ്വറുകൾ വസ്തു നികുതി അടവാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവ്വറുകൾ 2013-14 വർഷം മുതൽ വസ്തു നികുതി അടവാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| കമ്പനി | വസ്തു നികുതി അടവാക്കാനുള്ള കാലയളവ് | തുക | നാളിതുവരെയുള്ള കുടിശ്ശിക |
|---|---|---|---|
| റിലയൻസ് ഇൻഫോ കോം | 2013-14 | 8663 | 34652 |
| | 2014-15 | 8663 | |
| | 2015-16 | 8663 | |
| | 2016-17 | 8663 | |
| എയർടെൽ | 2015-16 | 462 | 7392 |
| | 2016-17 | 6930 | |

മേൽ മൊബൈൽ ടവ്വറുകളുടെ വസ്തു നികുതി അടവാക്കുന്നതിനായി കക്ഷികൾക്ക് ഡിമാന്റ് നോട്ടീസ് അയച്ചിട്ടുള്ളതാണെന്ന് കാണുന്നു. ഡിമാന്റ് നോട്ടീസിനെ തുടർന്നും നാളിതു വരെയായി വസ്തു നികുതി അടവാക്കിയിട്ടില്ല. വസ്തു നികുതി പിഴപ്പലിശ സഹിതം ഈടാക്കാൻ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 കെട്ടിട നിർമ്മാണ അനുമതി-കാല താമസം ഉണ്ടാവുന്നു

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011ചട്ടം 13,14 പ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം പെർമിറ്റ് നൽകണം. എന്നാൽ, മക്കരപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ, 2016-17 സാമ്പത്തിക വർഷത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിൽ എല്ലാ അപേക്ഷകളിലും ഇത് പാലിച്ചതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | വാർഡ്/ഡോർ നമ്പർ | അപേക്ഷിച്ച തീയതി | A.E/Overseer ക്ക് കൊടുത്തത് | A.E/Overseer തിരികെ കൊടുത്തത് | പെർമിറ്റ് കൊടുത്ത തീയതി |
|---|---|---|---|---|---|---|
| 1 | ഖദീജ മുതൽ പേർ, പള്ളിക്കാടൻ | 6, 85/8 | 04.04.16 | 06.04.16 | 25.01.17 | 30.01.17 |
| 2 | മുസ്തഫ,വെങ്കിട്ട പുത്തൻ പുരക്കൽ | 9, 81/19 | 05.04.16 | 08.04.16 | 03.05.16 | 27.05.16 |
| 3 | വാൽ പറമ്പിൽ അബ്ബാസ്, | വടക്കാങ്ങര, 121/3 | 03.08.16 | - | - | 24.09.16 |
| 4 | ചോലക്കൽ സാബിർ | 10, 44/1 | 17.08.16 | - | - | 07.10.16 |
| 5 | പാറക്കൽ അബ്ദുൾ കരിം, ചുക്കാല കുന്നൻ | വടക്കാങ്ങര, 29/1 | 02.11.16 | 05.11.16 | - | 04.05.17 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 6 | കൊളങ്ങാട്ടിൽ ഹൈദർ | 68/2 | 16.01.17 | 17.01.17 | 10.03.17 | 10.0317 |
| 7 | ചോലക്കൽ അബ്ദുൾ റഹിമാൻ | 63/8 | 14.02.17 | 14.02.17 | 20..04.17 | 27.04.17 |

ചട്ടങ്ങൾ പ്രകാരം അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നില്ല

1. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും നിർണ്ണയിക്കപ്പെട്ട നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ ചേർത്തിട്ടുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്ര.ന | പേര് | അർദ്ധ വർഷം | റിമാർക്സ് |
|---|---|---|---|
| 01 | V.E.O മക്കരപറമ്പ് ഗ്രാമപഞ്ചായത്ത്. | 1st and 2nd | |
| 02 | ഇന്ദിരാജി പട്ടികജാതി വനിത സഹകരണ പ്രസ്സ് | 2nd | ഓഡിറ്റിൽ ചൂണ്ടികാണിച്ചപ്പോൾ അടച്ചു (രശീതി നം.117120100053/07-04-2017) |
| 03 | ഇൻസൈഡ് ഇന്റീരിയർ ഫർണിച്ചർ | 2nd | ഓഡിറ്റിൽ ചൂണ്ടികാണിച്ചപ്പോൾ അടച്ചു (രശീതി നം. 117120100542/09-06-2017) |
| 04 | പട്ടാക്കൽ ക്വാറി | 2nd | |
| പഞ്ചായത്ത് പരിധിയിൽ ജോലിയെടുക്കുന്ന, ആധാരമെഴുത്തുകാർ, കോൺട്രാക്ടർമാർ, എഞ്ചിനീയർമാർ, ഡോക്ടേഴ്സ് തുടങ്ങിയ പ്രൊഫഷണൽസിന്റെ നികുതി ഈടാക്കിയിട്ടില്ല. | | | |

2. ഗ്രാമപഞ്ചായത്തിലെ 2015-16 വർഷത്തിലെ തൊഴിൽ നികുതി റിട്ടേണുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ SBT, മക്കരപറമ്പ്, രണ്ടാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.
മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതു മരാമത്ത് മേഖലയിലെ ആസൂത്രണം, നിർവ്വഹണം എന്നിവ കാര്യക്ഷമമല്ല

2016-17 വർഷം നടപ്പാക്കിയ വിവിധ മരാമത്ത് വർക്കുകളുടെ ഫയലുകൾ പരിശോധിച്ചതിൽ , മരാമത്ത് വർക്കുകളുടെ ആസൂത്രണത്തിലും നടത്തിപ്പിലും കര്യക്ഷമത പുലർത്തുന്നില്ലെന്ന് കാണുന്നു. പദ്ധതി നിർവ്വഹണത്തിലും ആസൂത്രണത്തിലും താഴെ കൊടുത്തിട്ടുള്ള അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. 2016-17 വർഷത്തേക്ക് അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പൊതു മരാമത്ത് മേഖലയിൽ 2,16,90,832 രൂപ അടങ്കൽ വരുന്ന 135 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയിരുന്നെങ്കിലും 51 പ്രൊജക്ടുകളിലായി 99,37,553 രൂപ മാത്രമാണ് ചെലവഴിക്കാനായത്. ബാക്കി 84 പ്രൊജക്ടുകൾ തൻ വർഷം നടപ്പാക്കിയിട്ടില്ല. ഒരു അസി. എഞ്ചിനീയറും ഒരു ഓവർസിയറും ഉൾപ്പെടുന്ന പരിമിതമായ സ്റ്റാഫ് മാത്രം ഉണ്ടായിരിക്കെ പൊതുമരാമത്ത് മേഖലയിൽ അസംഖ്യം പ്രൊജക്ടുകൾ വയ്ക്കുകയും ഭൂരിഭാഗവും നിർവ്വഹിക്കാൻ കഴിയാതെ വരികയും ചെയ്തിട്ടുണ്ട്. പ്രൊജക്ട് തയ്യാറാക്കുന്നതിലൂടെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിനോടൊപ്പം തൻവർഷം ചെലവഴിക്കേണ്ട വൻ തുക ചെലവഴിക്കാതെ നഷ്ടമാകുന്നതിനും ഇത് കാരണമായിട്ടുണ്ട്.

2. അസിസ്റ്റൻറ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 44 ബില്ലുകൾ ട്രഷറിയിൽ നിന്നും പിൻവലിച്ചതിൽ 38 എണ്ണവും 31-3-2017 ന് മാത്രമാണ് പിൻവലിച്ചത്. പ്രവർത്തന കലണ്ടർ പാലിക്കാതെയാണ് 85% പ്രൊജക്റ്റുകളും മാർച്ച് മാസത്തിൽ മാത്രം നിർവ്വഹണം നടത്തി ബില്ലുകൾ നൽകിയത് .പ്രവൃത്തികളുടെ ബാഹുല്യം കാരണവും ജീവനക്കാരുടെ എണ്ണത്തിലെ പരിമിതി കാരണവും പ്രവൃത്തികളുടെ ഭൂരിഭാഗവും നിർവ്വഹിച്ചാൽ തന്നെ സൈറ്റ് സന്ദർശിക്കാൻ കഴിയാത്തത് മൂലം ഇത്തരത്തിലുള്ള നിർവ്വഹണത്തിലൂടെ പ്രവൃത്തികളുടെ ഗുണ നിലവാരം ഉറപ്പ് വരുത്താൻ എഞ്ചിനീയറിംഗ് വിഭാഗത്തിന് സാധിക്കുന്നില്ല.

3. റോഡ് നിർമ്മാണ പ്രൊജക്റ്റുകളോടൊപ്പം പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന കൃത്യമായ ചെയ്നേജ് രേഖപ്പെടുത്തുന്നില്ല.

4. ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത് വർക്കുകളുടെ നിർവ്വഹണത്തിൽ 1999-ലെ ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖയിലെയും 12-ാം പദ്ധതി മാർഗ്ഗ രേഖയിലെയും മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല.

5. റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡ് കണക്റ്റിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും മരാമത്ത് വർക്കുകളുടെ ആസൂത്രണത്തിലും നടത്തിപ്പിലും കൂടുതൽ കാര്യക്ഷമതയും സമയനിഷ്ഠയും സുതാര്യതയും ഉറപ്പ് വരുത്തേണ്ടതാണ്.

## 3-2 പൈപ്പ് ലൈൻ മെയിൻറനൻസ് പ്രവൃത്തി- പൂർത്തീകരണ വിവരം ലഭ്യമല്ല.

ഗ്രാമ പഞ്ചായത്ത് ഓഫീസ് റോഡിൽ പൈപ്പ് ലൈൻ മെയിൻറനൻസ് പ്രവൃത്തിക്ക് വേണ്ടി പ്രൊജക്റ്റ് നമ്പർ- 129/17പ്രകാരം വാട്ടർ അതോറിറ്റിയിലേക്ക് 34000 രൂപ (ഡി.ഡി. നമ്പർ-181427/ 29-12-2016) ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് വെച്ചതായോ വാട്ടർ അതോറിറ്റിയിൽ നിന്നും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല.

വാട്ടർ അതോറിറ്റിയിൽ നിന്നും ടി- പ്രവൃത്തി പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റ അഭാവത്തിൽ ചെലവ് തുക 34000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-3 വട്ടപ്പറമ്പ് അങ്കണവാടി അഭിവൃദ്ധിപ്പെടുത്തൽ-ഫണ്ട് വിനിയോഗം ക്രമത്തിലല്ല.

നിലവിലുള്ള അങ്കണവാടിയുടെ RCC മേൽക്കൂരക്ക് മുകളിൽ ഷീറ്റിടുന്നതിനും സ്റ്റീൽ കൊണ്ട് സ്റ്റെയർ നിർമ്മിക്കുന്നതിനും ഉദ്ദേശിച്ച് കൊണ്ട് 250000 രൂപ അടങ്കലിൽ തയ്യാറാക്കി നിർവ്വഹണം നടത്തിയ പ്രൊജക്റ്റിന്റെ (പ്രൊജക്റ്റ് നമ്പർ- 203/17) ധനകാര്യ വിശകലനം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| റോഡിതര മെയിൻറനൻസ് ഗ്രാന്റ്. | 100000 |
| റോഡ് മെയിൻറനൻസ് ഗ്രാന്റ്. | 140000 |
| തനത് ഫണ്ട് | 10000 |
| അടങ്കൽ- | 250000 |

TS- നമ്പർ- 530/AEE/LSGD/MKD/15-16/ 20-2-16

കരാറുകാരൻ- ശ്രീ. എം.ടി. ഷൗക്കത്തലി.

222749 രൂപ മൂല്യ നിർണ്ണയം നടത്തിയ മേൽ പ്രവൃത്തിക്ക് 82749 രൂപ റോഡിതര മെയിൻറനൻസ് ഫണ്ടിൽ നിന്നും 140000 രൂപ റോഡ് മെയിൻറനൻസ് ഫണ്ടിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. റോഡ് പുനരുദ്ധാരണത്തിന് മാത്രം വിനിയോഗിക്കേണ്ട റോഡ് സംരക്ഷണ ഫണ്ട് മറ്റ് ആസ്തികളുടെ പുനരുദ്ധാരണത്തിന് വിനിയോഗിച്ചത് ക്രമ പ്രകാരമുള്ള നടപടിയല്ല.പദ്ധതിക്ക് അംഗീകാരം നൽകിയ ജില്ല ആസൂത്രണ സമിതിയുടെ നടപടിയും ക്രമത്തിലല്ല.

ക്രമ വിരുദ്ധമായി പ്രൊജക്റ്റ് തയ്യാറാക്കി ഫണ്ട് വിനിയോഗിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-4 തെരുവ് വിളക്ക് റിപ്പയറിംഗ് - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണം: പഞ്ചായത്ത് സെക്രട്ടറി

വൗച്ചർ നമ്പർ: 21600873/30.03.17 തുക:129938 രൂപ

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിൽ തെരുവ് വിളക്ക് റിപ്പയറിംഗിന് വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ് തുക 4 ലക്ഷം രൂപ വകയിരുത്തി ( 75/2017 നമ്പർ പ്രോജക്ടിൽ ) 65 എൽ.ഇ.ഡി തെരുവുവിളക്കുകളും (12 വാട്ട്) അനുബന്ധ സാധനങ്ങളും വാങ്ങിയിട്ടുണ്ട്.

തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച് പഞ്ചയത്ത് ഡയരക്ടർ പുറപ്പെടുവിച്ച 17.08.2015 ലെ ജി2-44274/2015 നമ്പർ ഉത്തരവിലെ പൊതുമാർഗ്ഗരേഖയിൽ നിർദ്ദേശിച്ച തെരുവ് വിളക്ക് മെയിന്റെനൻസ് രജിസ്റ്റർ പൂർണ്ണമായ രീതിയിൽ ഗ്രമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. നിലവിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ 13 വാർഡുകളിലും റിപ്പയർ ചെയ്യേണ്ട തെരുവ് വിളക്കുകളുടെ വിശദാംശം ചേർത്തിട്ടില്ല. മേൽ കാണിച്ച വൗച്ചർ പ്രകാരം വാങ്ങിയ എൽ.ഇ.ഡി തെരുവുവിളക്കുകൾ സ്ഥാപിക്കൽ ഓഡിറ്റ് കാലയളവിൽ പൂർത്തിയായിട്ടില്ല. റിപ്പയറിംഗ് പ്രവൃത്തികൾ അതാത് വാർഡ് മെമ്പർമാരുടെ മേൽനോട്ടത്തിൽ ആരംഭിച്ചതായും മാറ്റി സ്ഥാപിക്കലും റിപ്പയറും പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്ന് സെക്രട്ടറി 09.06.17 നൽകിയ മറുപടിയിൽ വിശദീകരിക്കുകയുണ്ടായി. പൂർത്തീകരണ വിവരം ഓഡിറ്റ് റിപ്പോർട്ട് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 3-5 ദേശീയ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽസ് സപ്ലൈ- ഇൻകം ടാക്സ് ഈടാക്കിയില്ല.

2016-17 വർഷം ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയ 12 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് മെറ്റീരിയൽസ് സപ്ലൈ ചെയ്ത വകയിൽ ശ്രീ. ടി.മുഹമ്മദ് അലി. , പി. ഡബ്ലിയു. ഡി. കരാറുകാരന് മൊത്തം 13,67,346 രൂപ ടി- യാന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ടി-യാനിൽ നിന്നും 1961-ലെ ഇൻകം ടാക്സ് നിയമം , വകുപ്പ് 194 C പ്രകാരമുള്ള 1% ആദായ നികുതി ഈടാക്കിയിട്ടില്ല. ഇക്കാര്യംഅറിയിച്ച് കൊണ്ട് 18/ 8-6-2017 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് രശീതി നമ്പർ-117120100540 /9-6-2017 പ്രകാരം 13673 രൂപ ശ്രീ. മുഹമ്മദ് അലി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കിയിട്ടുണ്ട്.

ടി- തുക ആദായ നികുതി വകുപ്പിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 ആശ്രയ പദ്ധതി- പുനരധിവാസ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

വാർഷിക പദ്ധതിയിൽ ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുടെ ഭാഗമായി അഗതികളുടെ പുനരധിവാസം ലക്ഷ്യമാക്കിയുള്ള ആശ്രയ പദ്ധതി തയ്യാറാക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. കുടുംബശ്രീ ആവിഷ്കരിച്ചിട്ടുള്ള മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി അയൽക്കൂട്ടങ്ങൾ കണ്ടെത്തുന്ന അഗതി കുടുംബങ്ങളെ ഭക്ഷണം, ആരോഗ്യ സുരക്ഷ, കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, വിദ്യാഭ്യാസം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആശ്വാസം തുടങ്ങിയ സേവനങ്ങൾ ഉൾപ്പെടുന്ന പരിചരണ സേവനങ്ങളുടെ പാക്കേജ് തയ്യാറാക്കി പുനരധിവസിപ്പിക്കാനാണ് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചത്.ഗ്രാമ പഞ്ചായത്തിൽ കുടുംബശ്രീ സംവിധാനത്തിന്റെ സഹായത്തോടെ അഗതികളായി കണ്ടെത്തിയ 71കുടുംബങ്ങളുടെ പുനരധിവാസം ലക്ഷ്യമാക്കിയാണ് 34.05 ലക്ഷം രൂപ അടങ്കലുള്ള പ്രോജക്ട് തയ്യാറാക്കിയത്. 2010-13 കാലയളവിൽ നടപ്പിലാക്കുന്നതിന് തയ്യാറാക്കിയ ആദ്യ ഘട്ട പ്രോജക്ടിൽ അടിസ്ഥാന ആവശ്യങ്ങളിൽ ഭവന നിർമ്മാണം ഒഴികെ സ്ഥലം വാങ്ങൽ, വീട് റിപ്പയർ, കിണർ നിർമ്മാണം, കുടിവെള്ള വിതരണം തുടങ്ങിയവയിൽ ആനുകല്യങ്ങളൊന്നും നൽകിയിട്ടില്ല. തുടർസേവന പ്രോജക്ടിൽ രണ്ട് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് വകയിരുത്തിയെങ്കിലും നടപ്പിലായില്ലായെന്ന് കാണുന്നു. 2014-17 കാലയളവിൽ നടപ്പിലാക്കുന്നതിന് തയ്യാറാക്കിയ രണ്ടാംഘട്ട പ്രോജക്ടിൽ 4 കുടുംബങ്ങളുടെ ഭവന നിർമ്മാണം പൂർത്തീയായി. എന്നാൽ വീട് റിപ്പയർ, സ്ഥലം വാങ്ങൽ എന്നിവ നടന്നിട്ടില്ല. ആശ്രയ പദ്ധതിയിൽ കൈവരിച്ച ഭൗതികനേട്ടങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

| പരിചരണ സേവനങ്ങൾ | ഒന്നാം ഘട്ടത്തിൽഗുണഭോക്താക്കളെ തെരഞ്ഞെടുത്തതും / നല്കിയതും | രണ്ടാം ഘട്ടത്തിൽഗുണഭോക്താക്കളെ തെരഞ്ഞെടുത്തതും / നല്കിയതും |
|---|---|---|
| സ്ഥലം വാങ്ങൽ | 3/0 | 0/0 |
| ഭവനനിർമ്മാണം | 11/3 18 | 4/4 |
| വീട് റിപ്പയർ | 0/0 | 0/0 |
| ലാട്രിൻ | 0/0 | 0/0 |

| | | |
|---|---|---|
| കുടിവെള്ളം | 10/0 | 0/0 |
| കറന്റ് കണക്ഷൻ | 0/0 | 0/0 |

ആശ്രയ പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1.ഗ്രാമ പഞ്ചായത്തിൽ അഗതികളായ കുടുംബങ്ങളുടെ ഭവന നിർമ്മാണത്തിനാണ് പ്രോജക്ടിൽ തുക ചെലവഴിക്കാനായത്. വീട് റിപ്പയർ, സ്ഥലം വാങ്ങൽ, ലാട്രിൻ സൗകര്യം,കുടിവെള്ളം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഫണ്ട് വകയിരുത്തുകയോ വകയിരുത്തിയത് നടപ്പിലാക്കാനോ പ്രവർത്തനമുണ്ടായിയില്ല. വിവിധ സ്രോതസ്സുകളിൽ നിന്നും വകയിരുത്തിയ തുക ലഭ്യമാക്കുന്നതിലും കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിലും കുടുംബശ്രീ സംവിധാനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

2.ഒന്നാം ഘട്ടത്തിലെ തിരഞ്ഞെടുത്തതിലെ കുടുംബങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കിയ തുടർസേവന പ്രോജക്ടിൽ ഭക്ഷണം, വിദ്യാഭ്യാസമേഖലയിൽ മാത്രമാണ് ചെലവുണ്ടായത്. തുടർസേവന പാക്കേജിൽ അടിസ്ഥനാവശ്യങ്ങൾ നിറവേറ്റുന്നതിനായി തുക വകയിരുത്തിയിരുന്നെങ്കിലും നടപ്പിലാക്കിയിട്ടില്ല.

3.അടിസ്ഥന ആവശ്യങ്ങൾ നിറവേറ്റുന്നതിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ ആനുകൂല്യം ലഭിക്കാൻ ബാക്കിയുള്ളവർ രണ്ടാം ഘട്ടത്തിലും ഉൾപ്പെടാത്ത സാഹചര്യത്തിൽ മറ്റ് സ്രോതസ്സുകളിൽ നിന്നും ധനസഹായം ലഭ്യമായോയെന്ന് വ്യക്തമല്ല. ഗ്രാമ പഞ്ചായത്തിലെ ഏറ്റവും നിരാലംബരും അഗതികളുമായവരെ പുനരധിവസിപ്പിക്കാനുള്ള പദ്ധതിയിൽ അർഹരയാവർ മുഴുവനായും ഉൾപ്പെടുന്നുവെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്. പദ്ധതിയിൽ ഉൾപ്പെട്ട് ധനസഹായം നിഷേധിക്കപ്പെട്ടവർ മറ്റേത് സ്രോതസ്സിലൂടെയുള്ള ഫണ്ട് വിനിയോഗിച്ചാണ് പുനരധിവസിക്കപ്പെട്ടതെന്ന് വിശദീകരിക്കേണ്ടതാണ്.

4. ആശ്രയ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിഡണ്ട് അദ്ധ്യക്ഷനായി ഒരു വിലയിരുത്തൽ ഉപസമിതി രൂപീകരിക്കാനും ഉപസമിതി ആശ്രയ പദ്ധതി പ്രവർത്തനം വിലയിരുത്താനും ആയതിന്റെ റിപ്പോർട്ട് തദ്ദേശ സ്ഥാപനത്തിന്റെ ഭരണ സമിതി പരിശോധിക്കാനും നിർദ്ദേശമുള്ളതാണ്. വിലയിരുത്തൽ സമിതിയുടെ പ്രവർത്തനം നല്ലരീതിയിൽ നടക്കുന്നതായി ബന്ധപ്പെട്ട മിനട്സിൽ നിന്നും വ്യക്തമാകുന്നുണ്ട്. പഞ്ചായത്ത് ഭരണ സമിതിയിൽ വിലയിരുത്തൽ സമിതിയുടെ റിപ്പോർട്ട് പരിശോധിക്കുന്നപ്പെടുന്നുണ്ടെന്നും പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് നിർദ്ദേശങ്ങൾ നൽകാനാകുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 3-7 മുൻകൂറായി തുക നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായില്ല

(1) നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ(പി എച്ച് സി)

2016-17 വർഷത്തിലെ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം പി എച്ച് സി, ഹോമിയോ ഡിസ്പെൻസറി എന്നിവയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി തുക മുൻകൂറായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകിയ തുകകൾക്കു മുഴുവനായും മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/തിയ്യതി | മുൻകൂർ നൽകിയ തുക | ലഭ്യമായ മരുന്നുകളുടെ വില | ബാലൻസ് തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 63/17 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 04/16-17/ 24.11.16 | 100000 | 58860 | 41140 | Kerala State Homeopathic co-op.pharmacy |
| 2 | 61/17 പി എച്ച് സി യിലേക്ക് മരുന്നു വാങ്ങൽ | 11/16-17/ 08.02.17 | 200000 | 52428 | 147572 | KMSCL |
| 3 | 64/17 പരിരക്ഷ | 12/16-17/ 16.02.17 | 41000 | 18990 | 22010 | KMSCL |

ബാലൻസ് തുകക്കുള്ള മരുന്ന് ലഭ്യമാവുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/05.06.2017) കെ എം സി എല്ലുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും മരുന്നുകൾ ലഭ്യമാവുന്ന മുറക്ക് എത്തിച്ചുതരാമെന്ന് അറിയിച്ചിട്ടുണ്ടെന്നുമാണ് മറുപടി നൽകിയത്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(2) നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ(ആയുർവേദം)

പ്രോജക്റ്റ് നമ്പർ : 60/17 (ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ)

ബിൽ നമ്പർ :02/2016-17/06.03.17(7169 plan)

ബിൽ നമ്പർ :03/16-16/06.03.17(247174/-NR)

മേൽ ബില്ലുകൾ പ്രകാരം 254343/- രൂപ ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഔഷധിയിലേക്ക് അക്കൗണ്ട് ട്രാൻസ്ഫർ വഴി മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെയായി ലഭ്യമായിട്ടില്ല. മരുന്നുകൾ എത്രയും പെട്ടന്ന് ലഭ്യമാക്കുന്നനതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമായതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-8 നടപടിക്രമം പാലിക്കാതെ മരുന്നുകൾ വാങ്ങി

നിർവ്വഹണോദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ (ആയുർവേദം)

സ.ഉ(എം എസ്) നമ്പർ 4/2016 തസ്വഭവ തിരുവനന്തപുരം, തിയ്യതി 11.01.2016 , 11.7പ്രകാരം ആരോഗ്യ ഉപകേന്ദ്രങ്ങളിലൂടെ സർക്കാർ വിതരണം ചെയ്തു വരുന്ന മരുന്നുകൾ വകുപ്പ് മുഖേന മതിയായ അളവിൽ ലഭിക്കുന്നില്ലായെങ്കിൽ ബന്ധപ്പെട്ട ഡി എം ഒ യിൽ നിന്ന് എൻ ഒ സി വാങ്ങിയതിനു ശേഷം ഔഷധിയിൽ നിന്ന് മരുന്ന വാങ്ങാവുന്നതാണ്.

പ്രോജക്റ്റ് നമ്പർ 60/17പ്രകാരം ഔഷധിയിൽ നിന്ന് മരുന്ന വാങ്ങുന്നതിനായി 454343/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 200000/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ട്. എന്നാൽ ടി മരുന്നുകൾ വകുപ്പു മുഖേന വിതരണം ചെയ്യുന്നതിന് ലഭ്യമല്ലെന്ന സാക്ഷ്യപത്രത്തിനു പകരം മരുന്നുകൾ വാങ്ങുന്നതിന് മതിയായ തുക നൽകിയിട്ടില്ലെന്ന ജില്ലാ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രമാണ് ഫയലിൽ ഉള്ളത്. നടപടിക്രമം പാലിച്ചുകൊണ്ട് മരുന്നുകൾ വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 മെഡിക്കൽ ഓഫീസർ - പ്രോജക്റ്റ് നിർവ്വഹണത്തിലെ പൊതു അപാകതകൾ

2016-17 വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത വിവിധ പ്രോജക്റ്റുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.മെഡിക്കൽ ഓഫീസർ സാധനങ്ങൾ വാങ്ങിയത് പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ

2016-17ലെ വിവിധ പ്രോജക്റ്റുകളിലായി താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്റ്റ് | ബിൽ നമ്പർ, തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 64/17 പരിരക്ഷ | 23/16-17 /27.03.17 | 78359 | ടി തുകയിൽ 69184/- രൂപക്ക് യൂണിവേഴ്സൽ ഡ്രഗ്സ് എന്ന സ്ഥാപനത്തിൽ നിന്നും വിവിധ ഉപകരണങ്ങൾ വാങ്ങി. (ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഇല്ല) |
| 2 | 225/17 മക്കരപ്പറമ്പ് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഫാർമസിയിൽ എ സി സ്ഥാപിക്കൽ | 21/16-17 /27.03.17 | 45000 | ക്യൂ ആർ എസ് എന്ന സ്ഥാപനത്തിൽ നിന്നും AC വാങ്ങി |
| 3 | 224/17 പി എച്ച് സി കാച്ചിനിക്കാട്, ഗവ. ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിൽ കുടിവെള്ളത്തിനായി വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ | 17/16-17 /15.03.17 | 70000 | നാഫി സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്ന് വാട്ടർ പ്യൂരിഫയർ (2 എണ്ണം) വാങ്ങി |

മേൽ പ്രോജക്റ്റു പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് സാധനങ്ങൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. എന്നാൽ ക്വട്ടേഷനുകൾക്ക്

താരതമ്യ പത്രിക തയ്യാറാക്കുകയോ, പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരം ഇല്ലാതെ പർച്ചേസ് നടത്തിയ നടപടി ക്രമപ്രകാരമല്ല.

2. അക്കൗണ്ട് ട്രാൻസ്ഫർ വഴി തുക നൽകിയതിന് രേഖകളില്ല.

വിവിധ പ്രോജക്ടുകളിലായി വാഹന വാടക ഇനത്തിലും പരിരക്ഷ പ്രോജക്ടിന്റെ ഭക്ഷണച്ചെലവിനത്തിലും അക്കൗണ്ട് ട്രാൻസ്ഫർവഴി പണം നൽകിയിട്ടുണ്ടെങ്കിലും പണം ലഭ്യമായതായുള്ള രശീതിയോ, അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായുള്ള ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല.ഇക്കാര്യത്തിൽ ഭരണ സമിതയുടെ വ്യക്തമായ അഭിപ്രായം ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 3-10 പരിരക്ഷ- അധിക തുക കൈപ്പറ്റിയത് ക്രമീകരിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (പി എച്ച് സി)

പ്രോജക്ട്: പരിരക്ഷ 64/17

പരിരക്ഷ നേഴ്സിന്റെ ഹോം വിസിറ്റിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ 06.03.17,21.03.2017,23.03.2017 തിയ്യതികളിൽ ഹോം വിസിറ്റിംഗ് നടന്നിട്ടില്ല എന്ന കണ്ടു. എന്നാൽ ബിൽ നമ്പർ 19/16-17/ 23.03.17 പ്രകാരം ടി ദിവസങ്ങളിലെ ഭക്ഷണച്ചെലവിനത്തിൽ 750/- രൂപയും ബിൽ നമ്പർ 18/16-17/23.03.17 പ്രകാരം വാഹന വാടക ഇനത്തിൽ 2700/- രൂപയും മാറി നൽകിയിട്ടുണ്ട്. ടി അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/05.06.17) ആയത് പഞ്ചായത്ത് ഫണ്ടിൻ തിരിച്ചടവാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. ടി തുകകൾ വികസന ഫണ്ടിൽ നിന്ന്പിൻവലിച്ചതായതിനാൽ തുക കൺസോളിഡേറ്റ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 3-11 റണ്ണിംഗ് കോൺട്രാക്ടുണ്ടായിരിക്കേ അധിക തുക നൽകി വാട്ടർ പ്യൂരിഫയർ വാങ്ങി

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (പി എച്ച് സി)

പ്രോജക്ട്: 224/17 പി എച്ച് സി കാച്ചിനിക്കാട്, ഗവ. ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിൽ കുടിവെള്ളത്തിനായി വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ

2016-17 വർഷത്തിലെ മേൽ പ്രോജക്ട് പ്രകാരം പി എച്ച് സി കാച്ചിനിക്കാട്, ഗവ. ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിൽ കുടിവെള്ളത്തിനായി വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതിന് 70000/- രൂപ ബിൽ നമ്പർ 17/16-17/ 15.03.2017 പ്രകാരം മാറി നാഫി സൊല്യൂഷൻസിന് നൽകിയിട്ടുണ്ട്. ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. ക്വട്ടേഷൻ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതായി കാണുന്നില്ല.

2. KMSCL ലുമായി റണ്ണിംഗ് കോൺട്രാക്ടുള്ള സ്ഥാപനത്തെ ഒഴിവാക്കി ക്വട്ടേഷൻ ക്ഷണിച്ച് വാട്ടർ പ്യൂരിഫയർ വാങ്ങി.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/05.06.2017) വാട്ടർ വ്യൂരിഫയർ എച്ച് എം സി അംഗീകരിച്ചതാണെന്നും പ്രോജക്ട് പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചതാണെന്നുമാണ് മറുപടി നൽകിയത്. എന്നാൽ ക്വട്ടേഷൻ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. കൂടാതെ KMSCL -മായി റണ്ണിംഗ് കോൺട്രാക്ടുള്ള സ്ഥാപനം ലഭ്യമാക്കുന്ന വാട്ടർ പ്യൂരിഫയറിന് 9 ലിറ്റർ കപ്പാസിറ്റി മാത്രമാണുള്ളതെന്നും ഭൗതിക സൗകര്യങ്ങൾ കുറവാണെന്നും ആയതിനാലാണ് ക്വട്ടേഷൻ ക്ഷണിച്ച് 16 ലിറ്റർ കപ്പാസിറ്റിയുള്ളതും ഹോട്ട് ആന്റ് കോൾഡ് സംവിധാനമുള്ളതുമായ വാട്ടർ പ്യൂരിഫയർ വാങ്ങിയതെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ 07.06.2017 ന് നടത്തിയ സ്ഥല പരിശോധനയിൽ 31.03.2017 ന് ഇൻസ്റ്റാൾ ചെയ്ത പി എച്ച് സിയിലെ വാട്ടർ പ്യൂരിഫയറിന്റെ ഹോട്ട് ആന്റ് കോൾഡ് സിസ്റ്റം പ്രവർത്തനരഹിതമാണെന്ന നേരിൽ ബോധ്യപ്പെട്ടു.

പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരമില്ലാതെ വാട്ടർ പ്യൂരിഫയർ വാങ്ങിയ നടപടി ക്രമപ്രകാരമല്ല. വാറണ്ടി പിരീഡ് കഴിയാത്ത സാഹചര്യത്തിൽ സിസ്റ്റം സർവ്വീസ് ചെയ്ത് ഉപയോഗ യോഗ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് നാഫി സൊലൂഷൻസിനോട് ആവശ്യപ്പെടേണ്ടതാണ്.

## 3-12 മാലിന്യ സംസ്കരണം- ഗുണഭോക്തൃ ഇനത്തിൽ അധികം തുക ഈടാക്കി

നിർവ്വഹണോദ്യോഗസ്ഥൻ: വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട്:47/17 മാലിന്യ സംസ്കരണം- പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് വിതരണം.

2016-17 വർഷത്തിലെ മേൽ പ്രോജക്ട് പ്രകാരം 9 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് നൽകിയിട്ടുണ്ട്. ഒരു യൂണിറ്റിന്റെ ചെലവ് 7983/- രൂപയാണ്. ആയതിൽ 75% സബ്സിഡിയും 25% ഗുണഭോക്തൃ വിഹിതവുമാണ്. അതായത് ഒരു ഗുണഭോക്താവിൽ നിന്നും 1996 രൂപയാണ് ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കേണ്ടത്. എന്നാൽ 2125/- രൂപയാണ് ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതമിനത്തിൽ അധികം തുക(129/-) ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(08/07.06.2017) തുക ക്രമീകരിക്കുന്നതിന് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടിയാണ് നൽകിയത്. തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 ഷീപാഡ് പദ്ധതി - പൂർത്തീകരിച്ചിട്ടില്ല

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ എം.പി.ജി.യു.പി സ്കൂളിന് ഷീപാഡ് എന്ന പ്രോജക്ടിന്റെ ഭാഗമായി ( പ്രോജക്ട് നമ്പർ. S079/17) ബിൽ നമ്പർ 1/16-17 തിയതി 03-03-17 പ്രകാരം 40,000/- രൂപ ട്രഷറിയിൽ നിന്നും വനിത വികസന കോർപ്പറേഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. അതിന്, രശീതിയും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, ഓഡിറ്റ് സമയം വരെ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ല. എത്രയും പെട്ടെന്ന്, പ്രസ്തുത പദ്ധതി നടപ്പിലാക്കേണ്ടതാണ്.

## 3-14 എ.ബി.സി പദ്ധതി - തുടർ വിവരം ലഭ്യമല്ല.

വെറ്റിനറി സർജൻ നിർവഹണം നടത്തിയ എ.ബി.സി പ്രോഗ്രാമിന് പദ്ധതി തയ്യാറാക്കൽ എന്ന പ്രോജക്ടിന്റെ ഭാഗമായി ( പ്രോജക്ട് നമ്പർ. S0169/17) ബിൽ നമ്പർ /16-17 തിയതി 28-03-17 പ്രകാരം 100,000/- രൂപ ട്രഷറിയിൽ നിന്നും ജില്ലാ പഞ്ചായത്തിന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം: 79901140000305) മാറ്റിയിട്ടുണ്ട്. 24.01.2017 ലെ ജില്ല പഞ്ചായത്ത് സെക്രട്ടറിയുടെ പി4-3532/16 നമ്പർ കത്തിൽ എ.ബി.സി പ്രോഗ്രാമിന്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതം നിക്ഷേപിക്കുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആണ് തുക മാറ്റിയിരിക്കുന്നത്. എന്നാൽ, പദ്ധതിയുടെ നടത്തിപ്പിന്റെ യാതൊരു തുടർ വിവരവും ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ തുടർ വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, മങ്കട | 13-03-2017 | 150000 | പ്രൊ.76/17, വിഭിന്ന ശേഷി വിഭാഗം പഠന സ്കോളർഷിപ്പ് അനുവദിക്കൽ | 150000 | NIL |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.(2016-17ൽ വായ്പ പദ്ധതികൾ ഇല്ല. 2015-16 ലെ വായ്പയുടെ അവസാന ഗഡു ($5^{th}$)280000/-രൂപ 07-06-2016ന് ലഭിച്ചിട്ടുണ്ട്)

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| എം.എൻ ലക്ഷം വീട് പുനർ നിർമ്മാണം | 126466/db /15/lsgd തീയതി 31-03-2015 | 1470000 | 1450000.00 | 500000.00 | 35623.00 | 950000.00 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000.00 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 5000.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സ്ഥിര നിക്ഷേപം MDC ആശ്വപത്രി | 5000.00 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 477 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-2008 | 3(3) | 477.00 | ശ്രീ.സി.യി. വിജയൻ നായർ | 11612100667/18-06-2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2000-01 | 47 | 2002-03 | കാച്ചിനിക്കാട്-കിഴക്കേടത്ത്റോഡ് ടാറിംഗ് | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| | 49 | 2002-03 | മാരാത്ത് കുളമ്പ് റോഡ് രൂപീകരണം | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| | 60-1 | 2002-03 | പാറക്കടവ് റോഡ് ടാറിംഗ് | നിയമസഭാസമിതിയുടെ പരിഗണനയിൽ |

| | | | | |
|---|---|---|---|---|
| | 62-2 | 2002-03 | കാഞ്ഞാമ്പാടം ജലസേചന പദ്ധതി | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| | 63-1 | 2002-03 | തടത്തിൽ കുണ്ട്-പിലാപ്പറമ്പ് റോഡ് ടാറിംഗ് | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| | 64-a,b | 2002-03 | ചോലക്കൽ കുളമ്പ് റോഡ് ടാറിംഗ് | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| | 70 | 2002-03 | പൊളളോട്ട്ചിറമണ്ണ് സംരക്ഷണം | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2000-01 | പൊതുപരാമർശം | 2003-04 | മാരാത്ത് കുളമ്പ് റോഡ് | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| | | 2003-04 | ജലസേചന പദ്ധതി | നിയമസഭാസമിതിയുടെ പരിഗണനയിൽ |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 33216465.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 32899320.00 |
| വരവിനങ്ങളില്ലുള്ള നഷ്ടം | -- |
| ചെലവിനങ്ങളില്ലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 34000.00 |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| _ | _ | _ | -- |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 34000.00 | മുജീബ് റഹ്മാൻ.പി.എം., അസിസ്റ്റന്റ് എഞ്ചിനീയർ |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മുജീബ് റഹ്മാൻ.പി.എം., അസിസ്റ്റന്റ് എഞ്ചിനീയർ | എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം, മക്കരപറമ്പ് | പിച്ചൻമഠത്തിൽഹൌസ്<br>കച്ചേരി പറമ്പ് വെസ്റ്റ് കോഡൂർ,മലപ്പുറം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95<br>1995-96 | LFM-15/119/98/28.10.2010 | 1 | |
| 1997-98 | LFM-14/1475/01/28.10.10 | 15 | |
| 1999-00 | LFM-14/1477/01/28.10.10 | 15 | |
| 2000-01 | LFM-14/720/02/28.10.10 | 12 | |
| 2001-02 | LFM-11/1545/02/28.10.10 | 1 | |
| 2002-03 | LFM-11/965/04/28.10.10 | 2 | |
| 2003-04 | LFM-11/231/05/28.10.10 | 1 | |
| 2004-05 | LFM-12/1895/08/28.10.10 | 3 | |
| 2005-06 | LFM-12/948/11/3.8.11 | 6 | |
| 2006-07 | LFM-17/1758/(2)/10/23.10.10 | 9 | |
| 2007-08 | LFM-12/1534/11/13.9.11 | 15 | |

| | | | |
|---|---|---|---|
| 2008-09 | LFM-12/1535/11/13.9.11 | 13 | |
| 2009-10<br>2010-11 | LFM-13/777/13/5.6.2013 | 24 | |
| 2011-12<br>2012-13 | KSAMPM-13/1145/2014/3.7.14 | 19 | |
| 2013-14<br>2014-15 | KSAMPM-13/1145/2014/3.7.14 | 15 | |
| 2015-16 | KSAMPM-13/16/2017 /5-02-17 | 19 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിററ് വകുപ്പ്

mac

# annexure 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം.13/1293/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി.16-06-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മക്കരപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ, 01.04.16 മുതൽ 31.03.2017 വരെയുള്ള വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, മക്കരപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

# Annexure 2

# Audit Certificate

No. KSA/MPM.13/1293/2017

Kerala State Audit Department

District Audit Office

Malappuram

Dated:16-06-2017

Certified that I have Audited the Annual Financial Statement of Makkarapambu Grama Panchayat in Malappuram District for the year 2016-17 from 01.04.16 to 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Makkarapambu Grama Panchayat in Malappuram District for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director,

Kerala State Audit Department.